# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ - 1495

21.3.2012 ന് മറുപടിയ്ക്ക്

**പ്രസിദ്ധീകരണ വിഭാഗം യോഗ്യമെന്ന് കണ്ടെത്തിയിട്ടും പ്രസിദ്ധീകരിക്കാത്ത ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | മറുപടി<br>ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി |
|---|---|
| (എ)സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രസിദ്ധീകരണ വിഭാഗം യോഗ്യമെന്ന് കണ്ടിട്ടും വർഷങ്ങളായി പ്രസിദ്ധീകരിക്കാതെ വച്ചിട്ടുള്ള ഗ്രന്ഥങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; എന്തു കൊണ്ടാണ് ഇവ പ്രസിദ്ധീകരിക്കാത്തതെന്നും പ്രസിദ്ധീകരിക്കാത്തവ ഗ്രന്ഥകർത്താവിന് മടക്കിക്കൊടുക്കാത്തതെന്നും വ്യക്തമാക്കുമോ; | (എ) സാംസ്കാരിക പ്രസിദ്ധീകരണ വിഭാഗം പ്രസിദ്ധീകരണ യോഗ്യമെന്ന് കണ്ടെത്തി കൈമാറിയ എല്ലാ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി)വർഷങ്ങളായി പ്രസിദ്ധീകരിക്കാത്തതുമൂലം ഗ്രന്ഥകാരനുണ്ടാകാവുന്ന നഷ്ടം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (ബി) ബാധകമല്ല. |

| | |
|---|---|
| (സി)ശാസ്ത്രീയ സംഗീതം ഇംഗ്ലീഷ് നോട്ടേഷനിലേയ്ക്ക് മാറ്റിക്കൊണ്ട് ചേർത്തല സ്വദേശിയായ ശ്രീ.ഗോപിനാഥൻ തയ്യാറാക്കിയതും സാംസ്കാരിക വകുപ്പ് അംഗീകരിച്ച് പ്രസിദ്ധീകരണത്തിന് വേണ്ടി പ്രസിദ്ധീകരണ വിഭാഗത്തെ ഏല്പിച്ചതുമായ ഗ്രന്ഥം ഇതുവരെയും പ്രസിദ്ധീകരിക്കാത്തതിന് കാരണം എന്താണ്; ഈ വിഷയം അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ? | (സി) ശ്രീ.ഗോപിനാഥൻ തയ്യാറാക്കിയ കർണ്ണാടക സംഗീതം നൊട്ടേഷനിൽ എന്ന പുസ്തകത്തിന്റെ കൈയെഴുത്തു പ്രതി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭിച്ച വേളയിൽ പരിശോധകയായ പ്രൊഫ.ഓമനക്കുട്ടിയുടെ റിപ്പോർട്ട് ഇല്ലായിരുന്നു. ഇതിനെ തുടർന്ന് ഗവ.വിമൻസ് കോളെജിലെ സംഗീത വിഭാഗം മേധാവിയെ പരിശോധകയായി നിയോഗിക്കുകയും അവരുടെ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ ഉണ്ടായ കാലതാമസം അന്വേഷിച്ച് വേണ്ട നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ